(ഡി) നോർക്ക വകുപ്പിന്റെ ക്ഷേമ പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ് റൂട്ട്സിന്റെ മറ്റു പ്രധാന പ്രവർത്തനങ്ങൾ. ഇതിൽനിന്നും റൂട്ട്സിന് വരുമാനമൊന്നും ലഭിക്കുന്നില്ല.

(ഇ) അറ്റസ്റ്റേഷൻ ഇനത്തിൽ ലഭിക്കുന്ന സർവ്വീസ് ചാർജ് മാത്രമാണ് റൂട്ട്സിന്റെ വരുമാനം. 2004-2005 സാമ്പത്തികവർഷത്തെ ഓഡിറ്റ് നടന്നു കൊണ്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ കൃത്യമായ വിവരം വ്യക്തമാക്കുവാൻ സാധിക്കുകയുള്ളു.

റൂട്ട്സിന്റെ പ്രവർത്തനവും സേവനവും

195 [3165] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികാര്യവകുപ്പിന്റെ നോർക്കയുടെ ആഭിമുഖ്യത്തിൽ ഗൾഫ് രാജ്യങ്ങളിൽ തൊഴിൽതേടി പോകുന്നവർക്കായി സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിനായി എന്തു സംവിധാനമാണ് ഇപ്പോൾ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; എന്നാണ് ഇതാരംഭിച്ചത്;

(ബി) റൂട്ട്സിൽനിന്നും എന്തൊക്കെ സർട്ടിഫിക്കറ്റുകളാണ് സാക്ഷ്യപ്പെടുത്തി നൽകുന്നത്; ഇവയുടെ ഫീസ് സഹിതം വ്യക്തമാക്കാമോ; ഇതുവരെ എത്ര ആളുകൾ ഈ സംവിധാനം ഉപയോഗപ്പെടുത്തി;

(സി) മാനവവിഭവശേഷി മന്ത്രാലയത്തിന്റെമാത്രം അറ്റസ്റ്റേഷൻ നൽകുന്നതിന് റൂട്ട്സ് 500 രൂപ സർവ്വീസ് ചാർജ് ഈടാക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഡൽഹിയിലെ ഇന്ത്യൻ വിദേശകാര്യമന്ത്രാലയത്തിന്റെയും യു. എ. ഇ. എംബസ്സിയുടെയും അറ്റസ്റ്റേഷൻ ലഭിക്കുന്നതിനായി റൂട്ട്സിന്റെ സേവനം ആവശ്യപ്പെടുന്നവരിൽനിന്നുമാത്രം 500 രൂപ സർവ്വീസ് ചാർജ് വാങ്ങാൻ നിയമമുള്ളപ്പോൾ അറ്റസ്റ്റേഷനുവരുന്ന മുഴുവൻപേരുടെ കയ്യിൽനിന്ന് സർവ്വീസ് ചാർജ് ഇനത്തിൽ റൂട്ട്സ് 500 രൂപ വാങ്ങുന്നത് തൊഴിൽ തേടുന്നവരെ ചൂഷണം ചെയ്യുന്ന നടപടിയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഏതൊക്കെ സ്ഥലങ്ങളിലാണ് റൂട്ട്സ് ഇത്തരം സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് സെന്ററുകളുടെ മേൽവിലാസവും ഫോൺനമ്പരും സഹിതം വ്യക്തമാക്കാമോ;

(എഫ്) ഇപ്പോൾ റൂട്ട്സിലൂടെ എത്ര ദിവസങ്ങൾക്കകം സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തി നൽകിവരുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) റൂട്ട്സിന്റെ ചുമതലകൾ എന്തൊക്കെയാണ്; ഇതിന്റെ ഭരണപരമായ സംവിധാനം എന്താണ്; ഇത് സംബന്ധിച്ചുള്ള നിയമാവലിയുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ ഉദ്യോഗാർത്ഥികൾക്കായി നോർക്കയുടെകീഴിൽ 2004 ജനുവരി 30-ാം തീയതി തിരുവനന്തപുരത്തും, പിന്നീട് 2004 ഡിസംബറിൽ കോഴിക്കോട്ടും, 2005 ഏപ്രിൽ മാസം എറണാകുളത്തും സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തി. ഇതുകൂടാതെ വിദേശകാര്യവകുപ്പിന്റെയും യു. എ. ഇ. എംബസ്സിയുടെയും സാക്ഷ്യപ്പെടുത്തൽ വാങ്ങിക്കൊടുക്കുന്നതിന് ഇവിടെ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരളത്തിലെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകളാണ് ഇവിടെ സാക്ഷ്യപ്പെടുത്തി നൽകുന്നത്. ആ സേവനത്തിന് ആളൊന്നിന് 500 രൂപയാണ് നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക-റൂട്ട്സ് സർവ്വീസ് ചാർജ്ജായി ഈടാക്കുന്നത്. ഇതുകൂടാതെ സർട്ടിഫിക്കറ്റ് ഒന്നിന് 50 രൂപ അറ്റസ്റ്റേഷൻ ഫീസിനത്തിൽ കേരള സർക്കാരിനായി ഈടാക്കുന്നുണ്ട്. 30-1-2004 മുതൽ 15-7-2005 വരെ 65379 പേർ ഈ സംവിധാനം ഉപയോഗിച്ചിട്ടുണ്ട്.

(സി) & (ഡി) സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷന് ഉദ്യോഗാർത്ഥികൾക്ക് ഡൽഹിയിലും ബോംബെയിലും പോയി കഷ്ടപ്പെടുന്നത് ഒഴിവാക്കുവാനും ഇത്തരക്കാരെ ചൂഷണം ചെയ്യുന്നത് തടയുവാനുമാണ് ഈ സംവിധാനം കൊണ്ടുവന്നത്. ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് റൂട്ട്സിന് ഉണ്ടാകുന്ന ചെലവുകൾക്കും കൂടുതൽ മറ്റു സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുമാണ് ഒരാളിൽനിന്നും 500 രൂപ സർവ്വീസ് ചാർജ്ജായി ഈടാക്കുന്നത്.

(ഇ) *തിരുവനന്തപുരം:*

സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്റർ, ലോട്ടസ് വില്ല,
ശാസ്തമംഗലം, തിരുവനന്തപുരം.
ഫോൺ: 0471-2317950, 0471-2317951

കോഴിക്കോട്:

സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്റർ,
സാമോറിൻ സ്ക്വയർ, ലിങ്ക് റോഡ്, കോഴിക്കോട്.
ഫോൺ: 0495-2304882, 0495-2304885

എറണാകുളം:

സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്റർ,
ഹൗസ് നമ്പർ-40/9210-എ, ദൊരൈസ്വാമി അയ്യർ റോഡ്,
എറണാകുളം. ഫോൺ: 0484-5583834, 0484-5583832

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇപ്പോൾ വിദ്യാഭ്യാസ വകുപ്പിന്റെ സാക്ഷ്യപ്പെടുത്തൽ അതതു ദിവസംതന്നെ ചെയ്തുനൽകുന്നുണ്ട്. വിദേശമന്ത്രാലയം, യു. എ. ഇ. എംബസ്സി എന്നിവയുടെ സാക്ഷ്യപ്പെടുത്തൽ സാധാരണയായി 21 ദിവസത്തിനുള്ളിൽ നൽകുന്നതിനുള്ള സംവിധാനം ഉണ്ട്.

(ജി) റൂട്ട്സ് സ്വതന്ത്ര അധികാരമുള്ള ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ആയാണ് രൂപീകരിച്ചിരിക്കുന്നത്. ഡയറക്ടർ ബോർഡിനാണ് റൂട്ട്സിന്റെ നടത്തിപ്പിന്റെ ചുമതല. എന്നാൽ റൂട്ട്സിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും, ഡയറക്ടർമാരെയും നിയമിക്കുന്നത് ഗവൺമെന്റ് ആകയാൽ ഇത് ഭരണപരമായി സർക്കാരിന്റെകൂടി നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. നോർക്കാ വകുപ്പ് പ്രവാസികൾക്കും, തിരിച്ചെത്തിയവർക്കുമായി ആവിഷ്കരിക്കുന്ന വിവിധ ക്ഷേമ പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുന്നത് റൂട്ട്സ് മുഖേനയാണ്. റൂട്ട്സിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെ പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു. †

"എന്റെ ഗ്രാമം എന്റെ സ്വപ്നം" പദ്ധതി

196 [3166] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി കേരളീയകാര്യ വകുപ്പ് നടപ്പിലാക്കുന്ന "എന്റെ ഗ്രാമം എന്റെ സ്വപ്നം" പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയോ;

(ബി) ഈ പദ്ധതിയുടെ ഘടനയും ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആരാണെന്നും, ഇതിനകം ആർക്കെങ്കിലും ഈ പദ്ധതിയുടെ ഗുണം ലഭ്യമായിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപ്പിലാക്കിവരുന്നു.

(ബി) വിദേശ മലയാളികളുടെ സഹായത്തോടെ സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യവികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു പരിപാടിയാണ് 'എന്റെ ഗ്രാമം എന്റെ സ്വപ്നം' വിദേശ മലയാളികൾക്ക് ഒറ്റയ്ക്കോ, കൂട്ടായോ, സംഘടനാപരമായോ ഇതിൽ പങ്കാളികളാകാം. ഗ്രാമങ്ങളിലെ പൊതുസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതി ജില്ലാ ഭരണാധികാരികളുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും സഹകരണത്തോടെയും പൂർണ്ണമായും വിദേശമലയാളികളുടെ സാമ്പത്തികസഹായത്തോടെയുമാണ് നടപ്പിലാക്കുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly